# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3644 15-12-2014-ന് മറുപടി നൽകേണ്ടത്

## പുതുതായി ആരംഭിച്ച കമ്മീഷനുകളും, കോർപ്പറേഷനുകളും

**ചോദ്യം** **ഉത്തരം**

ശ്രീ. വി. ശിവൻകുട്ടി ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം കമ്മീഷനുകളും, സർക്കാർ ധനസഹായത്തോടുകൂടിയുള്ള സ്ഥാപനങ്ങളും കോർപ്പറേഷനുകളും പുതുതായി ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | (എ) | പൊതുഭരണ വകുപ്പിന്റെ കീഴിൽ താഴെ പറയുന്ന കമ്മീഷനുകളും സ്ഥാപനങ്ങളും രൂപീകരിച്ചിട്ടുണ്ട്.<br><br>**കോർപ്പറേഷനുകൾ**<br>1.കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ<br>2.കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ<br><br>**കമ്മീഷനുകൾ**<br>കേരള സംസ്ഥാന ന്യൂനപക്ഷ ക്ഷേമ കമ്മീഷൻ എന്ന പേരിൽ ഒരു കമ്മീഷൻ രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.<br><br>11/03/2013-ലെ സ.ഉ.(എം.എസ്) നം. 67/2013/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന മുന്നോക്ക സമുദായ കമ്മീഷൻ രൂപീകരിച്ച് ഉത്തരവായെങ്കിലും ആയതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.<br><br>മറ്റു വകുപ്പുകളുടെ കീഴിൽ പുതുതായി ആരംഭിച്ച കോർപ്പറേഷനുകൾ, കമ്മീഷനുകൾ എന്നിവയെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | ഇപ്രകാരം പുതുതായി ആരംഭിച്ച സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റായി നാളിതുവരെ എത്ര തുക നൽകിയിട്ടുണ്ട് എന്ന് വിശദമാക്കുമോ ? | (ബി) | കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷന് നാളിതുവരെയായി 14.795 കോടി രൂപ നൽകിയിട്ടുണ്ട്.<br><br>കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷന് നാളിതുവരെ 2 കോടി 38 ലക്ഷം രൂപ ഗ്രാന്റായി നൽകിയിട്ടുണ്ട്. മറ്റു വകുപ്പുകൾക്കു കീഴിലെ പുതുതായി രൂപീകരിച്ച സ്ഥാപനങ്ങൾക്ക് നൽകിയ ഗ്രാന്റ് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ